ദിവസം തന്നെ മുഖ്യമന്ത്രിക്ക് കൊടുത്തു. മുഖ്യമന്ത്രി തന്നെ മറുപടി പറയേണ്ട ഒരു വിഷയമാണത്. ഇന്നലേയും ഇന്നും മുഖ്യമന്ത്രി സഭയിലുണ്ടാവില്ലെന്ന് അറിയിച്ചിരുന്നു. ഇന്നും അദ്ദേഹത്തിന് സബ്മിഷൻസ് ഒന്നുമില്ല. അതുകൊണ്ട് അദ്ദേഹത്തിന്റെ സൗകര്യം നോക്കി നാളത്തേക്ക് പോസ്റ്റു ചെയ്തതാണ്. അത് ചെയറിന്റെ കുറ്റമല്ല. സബ്മിഷൻസ് ആണെങ്കിൽ അത്രയേ ചെയ്യാൻ പറ്റുകയുള്ളൂ. അടിയന്തിരപ്രമേയമല്ലല്ലോ? നേരെമറിച്ച് നമുക്കൊരു ചോദ്യം ചോദിക്കാം, 12 ദിവസം മുൻപ് നമ്മൾ നോട്ടീസ് കൊടുക്കുന്നില്ലേ? ഇത് മുഖ്യമന്ത്രി തന്നെ മറപടി പറയേണ്ട വിഷയമായതുകൊണ്ട് അദ്ദേഹത്തിന്റെ സൗകര്യം കൂടി നോക്കി നാളത്തേക്ക് പോസ്റ്റ് ചെയ്തിട്ടുണ്ട്, നാളെ മറുപടി പറയും, അതുവരെ ക്ഷമിക്കുക.

(2) സുൽത്താൻബത്തേരി-ചുള്ളിയോട്-താളൂർ റോഡ് ഗതാഗതയോഗ്യമാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. വർഗ്ഗീസ് വൈദ്യർ : സർ, സുൽത്താൻബത്തേരി-ചുള്ളിയോട്-താളൂർ റോഡിന്റെ റിപ്പെയർ പണിക്കുവേണ്ടി കഴിഞ്ഞകൊല്ലം കോൺട്രാക്ട് കൊടുത്തതാണ്. കോൺട്രാക്ട് എടുത്തയാൾ പണിയൊന്നും ചെയ്യാതെ ഒരു കൊല്ലം കഴിഞ്ഞപ്പോൾ ആ റോഡ് കുണ്ടും കുഴിയുമായി. അവിടെ പല സമരങ്ങളും നടന്നു. നിരാഹാരസമരവും ഇടയ്ക്കു നടന്നു. ഇപ്പോൾ കോൺട്രാക്ടറെ മാറ്റി കൊടുത്തിട്ടുണ്ടെന്നാണ് കേൾക്കുന്നത്. കോൺട്രാക്ടറെ മാറ്റി കൊടുത്താലും റോഡ് ഗതാഗതയോഗ്യമല്ലാതായി കിടക്കുകയാണ് മാത്രമല്ല, അതുവഴിയുള്ള വാഹനങ്ങൾ ഇപ്പോൾ ഓടുന്നില്ല. വിദ്യാർത്ഥികൾക്ക് കോളേജുകളിലും സ്കൂളുകളിലും പഠിക്കാൻ പോകാൻ സാധിക്കാത്ത സ്ഥിതിയാണ്. സുൽത്താൻബത്തേരി- ചുള്ളിയോട്-താളൂർ റോഡ് എന്നു പറഞ്ഞാൽ തമിഴ്നാടുമായി ബന്ധപ്പെടുന്ന അന്തർ സംസ്ഥാന റോഡാണ്. ആ റോഡ് ഗതാഗതയോഗ്യമല്ലാതായി മാറിയിട്ട് കൊല്ലം രണ്ടായി. പല നിവേദനങ്ങളും നടത്തിയതാണ്. ഇപ്പോഴും റിപ്പെയറാണ്. റിപ്പെയർ ചെയ്തിട്ട് യാതൊരു ഫലവുമില്ലെന്നാണ് അവിടെയുള്ള മുഴുവൻ ആളുകളും പറയുന്നത്. അതുകൊണ്ട് റീ മെറ്റൽ ചെയ്ത് ടാറിട്ടാൽ മാത്രമേ ആ റോഡ് പ്രയോജനകര മാകുകയുള്ളൂ. അതിപ്പോൾ വേറൊരാൾക്ക് റിപ്പെയറിന് കൊടുത്തിട്ടുണ്ട്. സൂപ്രണ്ടിംഗ് എൻജിനീയറോട് ഇന്നലെയും വിളിച്ചു ചോദിച്ചു. വേറൊരാളെ ഇത് ഏൽപ്പിച്ചിട്ടുണ്ടെന്നാണ് പറഞ്ഞത്. ഇങ്ങനെ ഇത് പോയാൽ ശരിയാകില്ല. ഈ സഭയിൽ മുൻപ് ഞാൻ പ്രസംഗിച്ചപ്പോൾ തന്നെ പറഞ്ഞു, കോടിക്കണക്കിന് രൂപയുടെ മരങ്ങൾ അവിടെ നിൽക്കുന്നുണ്ട്, വലിയ മരങ്ങളാണ്. ആ മരങ്ങൾ വെട്ടിവിറ്റാൽ റോഡിന് വീതിയും കിട്ടും ഇതിനാവശ്യമുള്ള കാശും കിട്ടും. അത് അവിടെത്തന്നെ ഉപയോഗിച്ചാൽ മതിയെന്നാണ് പറഞ്ഞത്. പി.ഡബ്ല്യു.ഡി. റോഡുകളിൽ കോഴിക്കോടും മൈസൂരും റോഡല്ലാത്ത വയനാട്ടിലെ പി.ഡബ്ല്യു.ഡി. റോഡുകളുടെയെല്ലാം സ്ഥിതി ഇതാണ്. ആ നിലയ്ക്ക് ഈ കാര്യങ്ങൾ പ്രത്യേക പരിഗണനയിലെടുത്ത് ചെയ്യണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അപേക്ഷിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, സുൽത്താൻബത്തേരി- ചുള്ളിയോട് - താളൂർ റോഡ് കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിന് 50 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് ഇപ്പോൾ ചീഫ് എൻജിനീയറുടെ ഓഫീസിൽ വന്നിട്ടുണ്ട്. അത് എത്രയും വേഗം പരിശോധിച്ച് ഈ വർക്ക് ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ കൊടുക്കുന്നതാണ്.

(3) മണ്ണാർക്കാട് താലൂക്കിലെ മുള്ളി-താവളം തിരുവിഴാംകുന്ന് . അമ്പലപ്പാറ റോഡുകളുടെ പണി

ശ്രീ. ജോസ് ബേബി : സർ, മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ തമിഴ്നാടുമായി ബന്ധിപ്പിക്കുന്ന ഊട്ടിയിലേയ്ക്ക് പോകുന്ന ഷോർട്ട് റോഡാണ് മുള്ളി-താവളം റോഡ്. ആ റോഡ് മുൻ ഗവൺമെന്റിന്റെ കാലത്ത് തന്നെ ടെണ്ടർ ചെയ്ത് വർക്ക് തുടങ്ങിയതാണ്. അതുപോലെയുള്ള ഒരു റോഡാണ് അമ്പലപ്പാറ-തിരുവിഴാംകുന്ന് റോഡ്. ഈ രണ്ട് റോഡുകളുടേയും പണി ടെന്റർ നടത്തി കോൺട്രാക്ടർ വർക്ക് ഏറ്റെടുത്തു. പക്ഷേ പിന്നീട് ആ കോൺട്രാക്ടർ വർക്കു ചെയ്യാൻ തയ്യാറല്ലെന്ന് പറഞ്ഞുകൊണ്ട് പണി നിർത്തി വച്ചു. 5 കൊല്ലമായിക്കാണും. ഉദ്യോഗസ്ഥന്മാരുടെ പിടിപ്പുകേടും കഴിവുകേടും ആണ് പ്രധാന കാരണം. അതുകൊണ്ട് മാത്രം നടക്കാതിരിക്കുകയാണ്. ഒട്ടേറെ പ്രാവശ്യം ജനങ്ങൾ സമരവും സത്യാഗ്രഹവും അവിടെ നടത്തി. പി.ഡബ്ല്യു.ഡി. ഓഫീസിൽ വരെ ജനങ്ങൾ മാർച്ച് നടത്തി. ഉത്തരവാദിത്വം കാണിക്കാത്ത ഉദ്യോഗസ്ഥന്മാർ, ഈ കോൺട്രാക്ടറെ മാറ്റി പുതിയ കോൺട്രാക്ടർക്ക് വർക്ക് അറേഞ്ചു ചെയ്യുകയോ പുതിയ കോൺട്രാക്ടറെ സംഘടിപ്പിക്കുകയോ ഒന്നും ചെയ്യുന്നില്ല. അത് ജനങ്ങളോട് കാണിക്കുന്ന ഒരു മര്യാദകേടാണ്. അതിനെക്കുറിച്ച് എന്ത് മറുപടിയാണ് അവരിപ്പോൾ എടുത്തിരിക്കുന്നത് എന്ന് എനിക്കറിയില്ല. ശക്തമായ നടപടി സ്വീകരിക്കണം. ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയ്ക്ക് കർക്കശമായ താക്കീതോ നടപടിയോ ഇക്കാര്യത്തിൽ സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടായെങ്കിൽ മാത്രമേ അഞ്ച് കൊല്ലമായിട്ടും പരിഹാരം കാണാനാകാത്ത പ്രശ്നത്തിന് പരിഹാരമുണ്ടാകുകയുള്ളൂ. അക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, മണ്ണാർക്കാട് ചിന്നതടാകം റോഡിൽ കിലോമീറ്റർ 22 മുതലാണ് താവളം-മുള്ളി റോഡ് ആരംഭിക്കുന്നത്. ഈ റോഡിന്റെ മൊത്തം നീളം 28 കിലോമീറ്ററാണ്. ഇതിൽ 12.500 മുതൽ 28 കിലോമീറ്റർ വരെയുള്ള റോഡ് ഗതാഗതയോഗ്യമാണ്. ബാക്കി 4.500 വരെയുള്ള ഭാഗത്തിന്റെ നിർമ്മാണത്തിന് ഗ്രാമീണ റോഡ് വിഭാഗത്തിൽപ്പെടുത്തി ഭരണാനുമതി നൽകി 35,29,167 രൂപ ഏൽപ്പിച്ചു. വില്ലേജ് റോഡുകൾക്ക് ആവശ്യത്തിനുള്ള ഫണ്ട് ലഭ്യമല്ലാത്തതു കാരണം പ്രസ്തുത പണിക്കുള്ള സിമന്റ്, കമ്പി, ടാർ എന്നിവ യഥാസമയം കൊടുക്കുവാനോ ഭാഗികമായി കൊടുക്കുവാനോ കഴിഞ്ഞിട്ടില്ല. ആയതിനാൽ മേൽപ്പറഞ്ഞ പണി താൽക്കാലികമായി തടസ്സപ്പെട്ടിരിക്കുകയാണ്. വില്ലേജ് റോഡുകൾ ക്യാൻസൽ ചെയ്താൽ രണ്ടാമത് എടുക്കുവാനുള്ള യാതൊരു തീരുമാനവുമില്ല. തുടങ്ങി വച്ച പണികൾ പൂർത്തിയാക്കാൻ മാത്രമാണ് തീരുമാനം. ക്യാൻസൽ

LIBRARY ARCHIVES Kerala Legislative Assembly